എറണാകുളം–വൈപ്പിൻ ജംഗാർ സർവ്വീസ്

73 [1245] ശ്രീ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻകോയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം–വൈപ്പിൻ ജംഗാർ സർവ്വീസ് നിർത്തലാക്കിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ജംഗാർ സർവ്വീസ് എന്ന് മുതൽ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) വൈപ്പിൻ–എറണാകുളം ജംഗാർ സർവ്വീസ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 18–11–1995 മുതൽ.

(ബി) എൻജിനുകളും പ്രൊപ്പൽഷൻ സിസ്റ്റവും മാറുന്നതിനായി.

(സി) പ്രസ്തുത സർവ്വീസ് 1996 മേയ് 2–ാം വാരത്തോടെ പുനരാരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല.

ശബരിമലയ്ക്കും ഡിൻറിഗലിനും ഇടയിൽ പുതിയ ബ്രോഡ്ഗേജ് റെയിൽവേ ലയിൻ നിർമ്മിക്കാനുള്ള നടപടി

74 [1247] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കും ഡിൻറിഗലിനും ഇടയിൽ പുതിയ ബ്രോഡ്ഗേജ് റെയിൽവേ ലയിൻ നിർമ്മിക്കാനുള്ള നടപടി ഏതു ഘട്ടത്തിലിരിക്കുന്നു എന്നറിവുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട പാതയുടെ നീളം എത്ര കിലോമീറ്റർ;

(സി) ഇതു സംബന്ധിച്ചുള്ള സർവ്വേ എന്നു തുടങ്ങും?

ഉത്തരം

(എ) ഡിൻറിഗലിനും ശബരിമലയ്ക്കുമിടയിൽ റെക്കൈസൻസ് എൻജിനീയറിംഗ് കം ട്രാഫിക് സർവ്വേ നടത്താൻ റെയിൽവേ മന്ത്രാലയം അംഗീകാരം നല്കിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പാതയുടെ നീളം 165 കിലോ മീറ്ററാണ്.

(സി) ഇതു സംബന്ധിച്ചുള്ള സർവെ 1996 ഫെബ്രുവരിയിൽ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly